നം.ICDS-A4 -11325/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി . 01.10.2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും
എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ CDPO മാർക്കും
എല്ലാ ICDS സൂപ്പർവൈസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് –**സംയോജിത ശിശു വികസന പദ്ധതി– 45** വർഷങ്ങൾ പൂർത്തിയാക്കുന്നത്- 45ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾസംഘടിപ്പിക്കുന്നത് - സംബ-

സൂചന : 1) 30.09.2020 തീയതിയിലെ വീഡിയോ കോൺഫറൻസ്
2) ഈ കാര്യാലയത്തിൽ നിന്നുള്ള ICDS-A4 -11325/2020,30.09.2020 നം.കത്ത്

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ സംയോജിത ശിശുവികസന സേവന പദ്ധതി 2020 ഒക്ടോബർ 2 ന് മഹത്തായ 45 വർഷം പൂർത്തിയാക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് മേൽസൂചന (2) ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരിമിതമായ രീതിയിൽ സംസ്ഥാനത്തൊട്ടാകെയുള്ള ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആഘോഷപരിപാടികളുടെ സംഘാടനവും ഇതിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായും ജില്ല തലത്തിൽ ചുവടെ ചേർക്കുന്ന നടപടികൾസ്വീകരി ക്കേണ്ടതാണ്.

- ഒക്ടോബർ 2 , 12 മണിക്കുള്ള വിർച്ച്വൽ മീറ്റിംഗിൽ എല്ലാ ജില്ലാ/പ്രോഗ്രാം /CDPO /സൂപ്പർവൈസർമാരും പങ്കെടുക്കേണ്ടതാണ്.
- ജില്ലാ തല ഉദ്യോഗസ്ഥർ വിർച്ച്വൽ മീറ്റിംഗുകൾ സംഘടിപ്പിക്കുമ്പോൾ ക്യാംപെയിൻ പരിപാടികളുടെ ലോഗോ പശ്ചാത്തലമായി കാണത്തക്ക വിധത്തിലുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.
- ക്യാംപെയിനുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പരിപാടികൾക്കു അധികമായി ജില്ലകളിൽവ്യത്യസ്ത പരി പാടി കൾസംഘടി പ്പിക്കാവുന്നതും. മികച്ച പരിപാടികളുടെ ഫോട്ടോഗ്രാഫ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ജില്ലയിൽ 1 എന്ന ക്രമത്തിൽ ലഭ്യമാക്കേണ്ടതുമാണ്.
- ഒക്ടോബർ 2 മുത ൽ നവംബർ 14 വരയുള്ള 45 ദിവസത്തിനകം നിലവിൽ D ഗ്രേഡിൽ പ്രവർത്തിക്കുന്ന പരമാവധി അങ്കണവാടികൾ അപ്ഗ്രേഡ് ചെയ്യേണ്ടതും D ഗ്രേഡിലെ ഫോട്ടോയും അപ്ഗ്രേഡ് ചെയ്ത ശേഷമുള്ള ഫോട്ടോയും (സെന്റർ നം, പഞ്ചായത്ത്, ICDS എന്നിവ സഹിതം) ലഭ്യമാക്കേണ്ടതുമാണ്.
- അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതീകരണം, കുടിവെള്ള ലഭ്യത, ടോയ് ലെറ്റ് സൗകര്യം, ചുറ്റുമതിൽ കൂടാതെ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് എന്നിവയും ക്യാപെയിൻ കാലയളവിലെ 45 ദിവസത്തിനകം പരമാവധി അങ്കണവാടികളിൽ ഉറപ്പാക്കേണ്ടതാണ്.
- എല്ലാ ആഫീസ് കത്തിടപാടുകളിലും കത്തിന്റെ (ഉത്തരവുകൾ ഒഴികെ) മുകളിലായി ക്യാംപെയിൻ പരിപാടികളുടെ Logo ചേർക്കേണ്ടതാണ്. പ്രസ്തുത Logo വകുപ്പിന്റെ വെബ് സൈറ്റിലെ പ്രത്യേക ലിങ്കിൽലഭ്യമാക്കിയിട്ടുണ്ട്.
- മേൽപ്പറഞ്ഞ നടപടികളുടെ ജില്ലാതല ആക്റ്റിവിറ്റി കലണ്ടർ അതാത് പ്രോഗ്രാം ആഫീസർമാർ 07.10.2020 നകം ഡയറക്ടറേറ്റിൽലഭ്യമാ ക്കേണ്ടതാണ്.
- **സൂചന (2) ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ക്യാംപെയിൻപരിപാടികള് നടത്തുന്നുണ്ട് എന്ന് ജില്ലാ വനിത ശിശു വികസന ആഫീസർമാർ ഉറപ്പാക്കേണ്ടതാണ്.**

വിശ്വസ്തതയോടെ

**വനിത ശിശു വികസന ഡയറക്ടർ**

# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

സാന്നിദ്ധ്യം അനുപമ റ്റി.വി.ഐ.എ.എസ്

വിഷയം:- വനിത ശിശു വികസന വകുപ്പ് -സംയോജിത ശിശു വികസന പദ്ധതി-45 വർഷങ്ങൾ പൂർത്തിയാക്കുന്നത്- 45ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾസംഘടിപ്പിക്കുന്നതിലേയ്ക്കായി ചെലവ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : വനിത ശിശു വികസന ഡയറക്ടറുടെ30.09.2020 ലെ ഇതേ നം കത്ത്.

ഉത്തരവ് നം. ICDS -A4/11325/2020 തീയതി . 01.10.2020

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമാനതകളില്ലാത്തതുമായ സംയോജിത ശിശുവികസന സേവന പദ്ധതി 2020 ഒക്ടോബർ 2 ന് മഹത്തായ 45 വർഷം പൂർത്തിയാക്കുകയാണ്. ലോകം നാളിതുവരെ അഭിമുഖീകരിക്കാത്ത കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ICDS പദ്ധതിയുടെ മഹത്തായ 45 വർഷം പരിമിതമായ രീതിയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 2020 ഒക്ടോബർ 2 മുതൽ സംസ്ഥാനത്തൊട്ടാകെയുള്ള ICDS ഓഫീസുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് 45 ദിവസം നീണ്ടു നില്ക്കുന്ന ക്യാംപെയിൻപരിപാടികൾ സംഘടിപ്പുന്നതിനായി പരാമർശം(1) പ്രകാരം തീരുമാനിച്ചിരിക്കുന്നു. ക്യാംപെയിൻ പരിപാടികളുടെ നടത്തിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ക്യാംപെയിൻ പരിപാടികൾ ജില്ല/ പ്രോജക്ട് /അങ്കണവാടി തല ത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

ടി. ക്യാംപെയിൻപരിപാടികളുടെ പോസ്റ്റർ വകുപ്പിന്റെ വെബ് സൈറ്റിലെ പ്രത്യേക ലിങ്കിൽലഭ്യമാക്കുന്നതാണ്. ടി പോസ്റ്റർ display Board ആയി എല്ലാ കീഴ്ഓഫീസുകളിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ക്യാംപെയിൻ പരിപാടികളുടെ പ്രചാരണങ്ങൾക്കായി മേൽപരാമർശ കത്ത് പ്രകാരം ജില്ലക്ക് 10,000 രൂപ ക്രമത്തിൽ അനുവദിക്കുമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ജില്ല യിലെ ICDS കളുടെ എണ്ണത്തിന് ആനുപാതികമായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്സംഘടിപ്പിക്കുന്ന പരിപാടികൾക്കു ടി.തുക ഉപയോഗിക്കാവുന്നതാണ്.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 12,000 |
| 2 | കൊല്ലം | 10,000 |
| 3 | പത്തനംതിട്ട | 9,000 |
| 4 | ആലപ്പുഴ | 9,000 |
| 5 | കോട്ടയം | 9,000 |
| 6 | ഇടുക്കി | 9,000 |
| 7 | എറണാകുളം | 11,000 |
| 8 | തൃശ്ശൂർ | 11,000 |
| 9 | പാലക്കാട് | 10,000 |
| 10 | മലപ്പുറം | 14,000 |
| 11 | കോഴിക്കോട് | 10,000 |
| 12 | വയനാട് | 7000 |
| 13 | കണ്ണൂർ | 10,000 |
| 14 | കാസർഗോഡ് | 9,000 |
| | **ആകെ** | **140000** |

ടി. തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-59 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതും ആയതിന്റെ ചെലവ് പത്രിക, ധനവിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ആഫീസർമാർക്കും
A സെക്ഷൻ
പകർപ്പ് : എല്ലാ പ്രോഗ്രാം ആഫീസർമാർക്കും/ എല്ലാ CDPO മാർക്കും

I.C.D.S

കേരള സർക്കാർ

# കുരുന്നുകൾക്ക് ചിറകേകി 45ന്റെ നിറവിൽ

കുഞ്ഞുങ്ങളുടെ സമഗ്രവികാസം ലക്ഷ്യമിട്ടുള്ള **ICDS** ഒക്ടോബർ 2, 2020ന് 45 വർഷം പൂർത്തിയാക്കുന്നു. ഈ സുദിനത്തോടനുബന്ധിച്ച് 45 ദിവസം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു.

## അങ്കണവാടി സേവനങ്ങൾ

- അനൗപചാരിക വിദ്യാഭ്യാസം
- അനുപൂരക പോഷകാഹാരം
- വളർച്ചാ നിരീക്ഷണം



- പ്രതിരോധ കുത്തിവയ്പ്
- ആരോഗ്യ പോഷണ വിദ്യാഭ്യാസം
- പരാമർശ സേവനങ്ങൾ